**അനുബന്ധം-I**

**ദീൻദയാൽ അന്ത്യോദയ പദ്ധതി-ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ മുഖ്യ സവിശേഷതകൾ**

**1.സാർവ്വത്രിക സാമൂഹ്യ സ്വരുക്കൂട്ടൽ :** തുടക്കത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമീണ ദരിദ്ര ഭവനങ്ങളിൽ നിന്നും കുറഞ്ഞത് ഒരംഗത്തെ, കഴിയുമെങ്കിൽ ഒരു വനിതയെ ഓരോ സ്വയംസഹായ സംഘങ്ങളുടെ ശൃംഘലയിൽ ചേർത്തു എന്നത് DAY-NRLM ഉറപ്പാക്കണം. തുടർന്ന് കർഷക സംഘങ്ങൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, നെയ്ത്തു സംഘങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന സ്ത്രീ പുരുഷന്മാരെ ഉപജീവന സംബന്ധിയായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി സംഘടിപ്പിയ്ക്കണം. ഈ സ്ഥാപനങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതിൽക്കൂടി ഒരൊറ്റ പാവപ്പെട്ടവൻ പോലും പദ്ധതിക്കു പുറത്താകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കു മതിയായ പ്രാതിനിധ്യം ലഭ്യമാകുന്നു എന്ന് DAY-NRL മിഷൻ ഉറപ്പാക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെ സ്ഥിതി ചെയ്യുന്ന കുടുംബങ്ങളുടെ സമ്പൂർണ്ണ പ്രാതിനിധ്യം എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുമ്പോൾതന്നെ ഗുണഭോക്താക്കളിൽ 50% പട്ടികജാതി - പട്ടികവർഗ്ഗത്തിൽനിന്നും 15% ന്യൂനപക്ഷ മതവിഭാഗത്തിൽ നിന്നും 3% അംഗപരിമിതരും ആയിരിക്കും എന്നും ഉറപ്പാക്കേണ്ടതാണ്.

**2.പാവപ്പെട്ടവർ മുഖേന പാവപ്പെട്ടവരുടെ തിരിച്ചറിയൽ (Participatory Identification of Poor)**

SGSYപദ്ധതിയുടെ അനുഭവത്തിൽനിന്നും വ്യക്തമായ ഒരു സംഗതി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ സൂചികയിൽ തെറ്റായി ഉൾപ്പെടലും ഒഴിവാക്കലും കടന്നുകൂടിയിട്ടുണ്ട് എന്നാണ്. ദാരിദ്ര്യരേഖയ്ക്കു താഴെ ഇല്ലായ്മ അനുഭവിക്കുന്ന എല്ലാ പാവപ്പെട്ടവരേയും ഉൾപ്പെടുത്താൻ പാവപ്പെട്ടവരുടെ പങ്കാളിത്തത്തോടെ, ആരെയാണോ ലക്ഷ്യം വയ്ക്കുന്നത്, ആ ജനവിഭാഗത്തെ അവർതന്നെ ചൂണ്ടിക്കാണിക്കുന്ന പ്രക്രിയ DAY-NRLM നടപ്പിലാക്കും. ഇത്തരം പങ്കാളിത്തപ്രക്രിയ ആധാരമാക്കുന്നതു കുറ്റമറ്റ രീതികളും ഉപകരണങ്ങളുമായ സാമൂഹ്യ പ്രമുഖത, സുസ്ഥിതി വർഗ്ഗീകരണം ഇല്ലായ്മ സൂചകങ്ങൾ എന്നിവയാണ്. കൂടാതെ പരസ്പര സ്നേഹം പുലർത്തുന്ന അംഗങ്ങളുടെ കൂട്ടായ്മയിലൂടെ, ഉൾപ്പെടുത്തൽ/ ഒഴിവാക്കൽ തെറ്റുകൾവരാതെ നോക്കാനും അംഗീകരിക്കപ്പെട്ട തദ്ദേശീയ മാനദണ്ഡങ്ങൾ ഉപയോഗിക്കുകവഴി സമന്വയം സാധ്യമാകുന്നതുമാണ്. പങ്കാളിത്തരീതി ഉപയോഗിച്ചു പാവപ്പെട്ടവരെ തെരഞ്ഞെടുക്കുന്ന രീതി ആന്ധ്രാപ്രദേശ്, കേരളം, തമിഴ് നാട്, ഒഡീഷാ എന്നീ സംസ്ഥാനങ്ങളിൽ കുറെ വർഷങ്ങളായി വിജയകരമായി നടപ്പിലാക്കുന്നുണ്ട്.

പാവപ്പെട്ടവർ മുഖേന പാവപ്പെട്ടവരുടെ തിരിച്ചറിയൽ (PIP)പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ DAY-NRLM ലക്ഷ്യമിടുന്ന സംഘങ്ങളായി അംഗീകരിക്കാവുന്നതും പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിക്കാവുന്നതുമാണ്. PIP പ്രകാരം തയ്യാറാക്കുന്ന പട്ടിക ഗ്രാമസഭകൾ ശുദ്ധീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾ

അംഗീകരിക്കേണ്ടതുമാണ്. സംസ്ഥാനം ഏതെങ്കിലും ജില്ലയോ ബ്ലോക്കോ PIP പ്രകാരം ഏറ്റെടുക്കുന്നതുവരെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ നിലവിലുള്ള ഔദ്യോഗിക പട്ടിക DAY-NRLM ഉപയോഗപ്പെടുത്തേണ്ടതാണ്. മിഷന്റെ നടത്തിപ്പു വിഭാവനം ചെയ്യുന്നതുപോലെ ദാരിദ്ര്യരേഖയ്ക്കു കീഴെയുള്ള അംഗങ്ങളുടെ അംഗീകാരത്തിനു വിധേയമായി സ്വയം സഹായ സംഘങ്ങളുടെ അംഗസംഖ്യ ദാരിദ്ര്യരേഖയ്ക്കു തൊട്ടുമുകളിൽ നിലകൊള്ളുന്ന 30% വരെ ജനങ്ങൾ ആകാം. ഈ 30 ശതമാനത്തിൽ, ദാരിദ്ര്യരേഖയ്ക്കുകീഴെ നിലകൊള്ളുന്ന പാവപ്പെട്ടവരുടേതിനു തുല്യമായ സ്ഥിതിയിലാണെങ്കിലും പ്രസ്തുത പട്ടികയിൽ പേരുചേർക്കപ്പെടാതെ പോയവർ ആകാം.

**3.പാവപ്പെട്ടവരുടെ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കൽ :**

ഗ്രാമങ്ങളിലും അതിലുയർന്ന തലത്തിൽ പ്രവർത്തിക്കുന്ന ശക്തമായ സ്ഥാപനങ്ങളായ സ്വയംസഹായ സംഘങ്ങളും അവയുടെ ഫെഡറേഷനുകളും പാവപ്പെട്ടവർക്ക് ഇടവും, സ്വരവും, വിഭവങ്ങളും പ്രദാനം ചെയ്യുന്നതിന് അനിവാര്യമാണ്. ഇതുമൂലം പുറമേനിന്നുള്ള ഏജൻസികളിന്മേലുള്ള ആശ്രയത്വം കുറയ്ക്കാൻ കഴിയും. ഇവ അംഗങ്ങളുടെ ശാക്തീകരണം, അറിവ് സമ്പാദനം, സാങ്കേതികവിദ്യയുടെ പ്രസാരണം എന്നിവയ്ക്ക് കാരണമാകുകയും ഉല്പാദനം, സംഭരണം, വാണിജ്യം തുടങ്ങിയവയുടെ കേന്ദ്രങ്ങളായി തീരുകയും ചെയ്യുന്നു. വിവിധ തലങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലാണ് DAY-NRLM ഊന്നൽ നല്കുന്നത്. കൂടാതെ ഉപജിവന കൂട്ടായ്മകൾ, ഉല്പാദകരുടെ സംരംഭങ്ങൾ, മുൻ-പിൻ ബന്ധിപ്പിക്കൽ വായ്പ, സാങ്കേതികവിദ്യവിദ്യയിലും കമ്പോളത്തെ ക്കുറിച്ചുമുള്ള അറിവ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു. പാവപ്പെട്ടവരുടെ പരിമിതമായ വിഭവങ്ങൾ ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഉപജീവന കൂട്ടായ്മകൾ സഹായകരമാണ്.

**4.നിലവിലുള്ള സ്വയംസഹായ സംഘങ്ങളുടേയും/ ഫെഡറേഷനുകളുടെയും ശാക്തീകരണം**

സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും ശ്രമഫലമായി രൂപീകൃതമായ പാവപ്പെട്ട വനിതകൾക്കുള്ള സ്ഥാപനങ്ങൾ നിലവിലുണ്ട്. DAY-NRLM നിലവിലുള്ള എല്ലാ സ്ഥാപനങ്ങളേയും പങ്കാളിത്തത്തിൽകൂടി ശാക്തീകരിക്കും. സർക്കാർ/ സന്നദ്ധസംഘടനകൾ സ്ഥാപിച്ച സ്വയംസഹായ സ്ഥാപനങ്ങൾ സാമൂഹിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും മികച്ച സുതാര്യത കാഴ്ചവയ്ക്കാനും ശ്രദ്ധയൂന്നണം. സംസ്ഥാനതല ഗ്രാമീണ ഉപജീവനമിഷനുകളും സംസ്ഥാന സർക്കാരിലും നിലവിലുള്ള സംവിധാനത്തിനു പുറമേയാണിത്. DAY-NRLM ൽ ഒരാൾ മറ്റൊരാളിൽനിന്നും പുതിയ കാര്യങ്ങൾ പഠിക്കുന്ന പ്രക്രിയയ്ക്ക് പ്രാധാന്യമുണ്ട്.

**5.പരിശീലനം, ക്ഷമതാ-നൈപുണ്യ നിർമ്മാണം എന്നിവയിൽ ഊന്നൽ :**

പാവപ്പെട്ടവരുടെ സ്ഥാപനങ്ങളുടെ നടത്തിപ്പ്, കമ്പോളവുമായി ബന്ധിപ്പിക്കൽ, അവരുടെ നിലവിലുള്ള ഉപജീവന സംരക്ഷണം, വായ്പ സ്വീകരിക്കാനുള്ള ക്ഷമത, വായ്പയ്ക്കുള്ള യോഗ്യത ഉയർത്തൽ തുടങ്ങിയവ സമ്പാദിക്കാൻ ആവശ്യമായ നൈപുണ്യം പ്രദാനം ചെയ്യുന്നു എന്ന് DAY-NRLM ഉറപ്പുവരുത്തുന്നു. ഇതിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾ,

സ്വയംസഹായ സംഘങ്ങൾ, അവയുടെ ഫെഡറേഷനുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ബാങ്ക് അധികാരികൾ, സന്നദ്ധ സംഘടനകൾ, അന്യ മുഖ്യ തല്പരകക്ഷികൾ എന്നിവരിൽ തുടരെയുള്ള ക്ഷമതാനിർമ്മാണം ലക്ഷ്യമാക്കി ബഹുമുഖസമീപന രീതിയാണു സ്വീകരിച്ചിരിക്കുന്നത്. സ്വയംസഹായ സംഘങ്ങളുടേയും അവയുടെ ഫെഡറേഷനുകളുടേയും മറ്റുകൂട്ടായ്മകളുടേയും ക്ഷമത ഉയർത്താൻ തൊഴിലെടുക്കുന്നവരേയും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നവരേയും പ്രവർത്തന നിരതരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ക്ഷമതാനിർമ്മാണം കാര്യക്ഷമമാക്കുവാനും അറിവുപകരാനും വിവരസാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കേണ്ടതാണ്.

**6.ചാക്രികനിധി(Revolving Fund)യും സാമൂഹ്യ നിക്ഷേപ സഹായ നിധിയും (Community Investment Support Fund)**

ഹ്രസ്വകാലത്തേക്കുവേണ്ടിവരുന്ന ഉപഭോഗ ആവശ്യങ്ങളും ദീർഘ കാലത്തേയ്ക്കു് ആവശ്യമായേക്കാവുന്ന വായ്പാ ആവശ്യങ്ങളും നിറവേറ്റുവാൻ ഒരു ചാക്രികനിധി അർഹരായ സ്വയംസഹായ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതുവഴി അംഗങ്ങളിൽ സമ്പാദ്യ ശീലം വളർത്തുവാൻ പ്രസ്തുത നിധി അംഗങ്ങളെ സഹായിക്കുന്നു. CIF എന്ന ബൃഹദ്നിധി (corpus) അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നേരിട്ടു നിറവേറ്റുവാനും തുടർ സഹായം പ്രയോജനകരമായി ഉപയോഗിക്കാനുള്ള ഒരു ചാലകമായും പ്രവർത്തിക്കും. സ്വയംസഹായ സംഘങ്ങൾക്ക് ലഭ്യമാക്കുന്നത് അവയുടെ ഫെഡറേഷൻ മുഖേനയാണ്. സ്വന്തമായി ധനം സ്വരൂപിക്കുന്നതു വരെ ദാരിദ്ര്യത്തിൽ നിന്നും പുറത്തുകടക്കാനുള്ള മാർഗ്ഗം ന്യായമായ നിരക്കിലും ലളിതമായും ലഭ്യമാകുന്ന ധനസഹായമാണ്.

**7.സാർവ്വത്രിക സാമ്പത്തിക ഉൾക്കൊള്ളൽ :**

എല്ലാ പാവപ്പെട്ട ജനവിഭാഗങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും പ്രാഥമിക ബാങ്കിംഗ് സേവനങ്ങൾക്കുമപ്പുറം സാർവ്വത്രിക സാമ്പത്തിക ഉൾക്കൊള്ളൽ നേടിയെടുക്കാൻ DAY-NRLM ലക്ഷ്യമിടുന്നു. സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഇരുവശങ്ങളായ ആവശ്യകതയും ലഭ്യതയും DAY-NRLM ലക്ഷ്യമാക്കുന്നു. ആവശ്യകതയുടെ ഭാഗമായി സ്വയംസഹായ സംഘങ്ങളും അവയുടെ ഫെഡറേഷനും ചാലക ശക്തിയാകും വിധം പാവപ്പെട്ടവരുടെ ഇടയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കണം. ലഭ്യതയുടെ ഭാഗമായി വിവര, ആശയവിനിമയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സാമ്പത്തികസാങ്കേതിക വിദ്യ, ബിസ്സിനസ്സ് കറസ്പോണ്ടന്റുകൾ വഴിയും ബാങ്കുമിത്ര പോലെയുള്ള സാമൂഹ്യ സേവനം നടത്തുന്നവർവഴിയും സാമ്പത്തിക മേഖലയുമായി ഏകോപനം നടത്തേണ്ടതുമാണ്. ഗ്രാമീണരായ പാവപ്പെട്ടവർക്ക് ജീവനും ആരോഗ്യത്തിനും സ്വത്തുക്കൾക്കും നഷ്ടം സംഭവിക്കാതിരിക്കാൻ സാർവ്വത്രികമായ ഉൾപ്പെടുത്ത(coverage) ലിനുവേണ്ടി പ്രവർത്തിക്കണം. കൂടാതെ കുടിയേറ്റം പ്രത്യേകതയായി കാണപ്പെടുന്ന സ്ഥലങ്ങളിൽ അവരയ്ക്കുന്ന പണം ബുദ്ധിപരമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള പ്രവർത്തനം നടത്തേണ്ടതാണ്.

**8.പലിശയിളവ് നൽകൽ വ്യവസ്ഥ :**

ഗ്രാമവാസികളായ പാവപ്പെട്ടവരുടെ സംരംഭങ്ങൾ സാമ്പത്തികക്ഷമമായി പ്രവർത്തിക്കുവാൻ കുറഞ്ഞനിരക്കിൽ പലതവണകളായി ലഭ്യമാകുന്ന വായ്പകൾ ആവശ്യമാണ്. താങ്ങാവുന്ന നിരക്കിൽ വായ്പ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുവാൻ സ്വയംസഹായ സംഘങ്ങൾ മുഖ്യധാരാസാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും 7 ശതമാനത്തിനു മുകളിൽ നേടിയിട്ടുള്ള വായ്പകൾക്ക് പലിശയിളവ് നൽകാമെന്ന് DAY-NRLM ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**9.ധനസഞ്ചയത്തിന്റെ മാതൃക (Funding Pattern) :**

DAY-NRLM കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള പരിപാടിയാണ്. പരിപാടിയുടെ നടത്തിപ്പിനുള്ള ധനം കേന്ദ്രവും സംസ്ഥാനങ്ങളും 75:25 എന്ന അനുപാതത്തിൽ വഹിക്കണം. (സിക്കിം ഉൾപ്പെടെയുള്ള ഉത്തരപൂർവ്വ സംസ്ഥാനങ്ങളുമായി 90:10 എന്ന അനുപാതത്തിൽ; കേന്ദ്രഭരണ പ്രദേശങ്ങളിൽ 100% കേന്ദ്ര വിഹിതം) അതാതു സംസ്ഥാനങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് മാനദണ്ഡമാക്കിയാണ് കേന്ദ്രം സംസ്ഥാനങ്ങൾക്കു് അനുവദിക്കുന്ന വിഹിതം തീരുമാനിക്കുന്നത്.

**10.ഘട്ടംഘട്ടമായി നടപ്പാക്കൽ (Phased Implementation) :**

പാവപ്പെട്ടവരുടെ സാമൂഹ്യമൂലധനം, അവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, അവരുടെ നേതാക്കൾ, അവരുടെ സമൂഹത്തിലെ തൊഴിലുള്ളവർ, അതിലും പ്രധാനമായി സമൂഹത്തിലെ കർമ്മശേഷിയുള്ളവർ (സ്ഥാപനങ്ങളുടെ പിന്തുണയാൽ സ്വന്തം ജീവിതത്തിൽ മാറ്റം സംഭവിച്ച വനിതകൾ) സാമൂഹ്യമൂലധനം കെട്ടിപ്പടുക്കാൻ പ്രാരംഭവർഷങ്ങളിൽ വൈകിയേക്കാമെങ്കിലും കുറേ സമയത്തിനുശേഷം വളരെപെട്ടെന്ന് ഇത് വർദ്ധിക്കുന്നതാണ്. ദരിദ്ര ജനവിഭാഗത്തിന്റെ സാമൂഹ്യമൂലധനം DAY-NRLM ൽ പ്രത്യേക പങ്കൊന്നും വഹിക്കുന്നില്ലാ എങ്കിൽ അതിനർത്ഥം അതൊരു പൊതുജനപരിപാടിയല്ല എന്നാണ്. കൂടാതെ ഇടപെടലുകളുടെ ഗുണമേന്മയിലും ഫലപ്രദമായ പ്രയോഗത്തിലും ഒരു സന്ധിയും ഇല്ല എന്നുറപ്പുവരുത്തേണ്ടതു പ്രധാനമാണ്. ആയതിനാൽ DAY-NRLM ന്റെ നടത്തിപ്പ് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. 12-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി എല്ലാ ജില്ലകളിലും DAY-NRLM നടപ്പിലാക്കും എന്നു കരുതുന്നു.

**11.തീവ്ര ബ്ലോക്കുകൾ (Intensive blocks)**

DAY-NRLM നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തീവ്ര ബ്ലോക്കുകൾക്ക് പരിശീലനം നേടിയ ഉദ്യോഗസ്ഥർ മുഖാന്തരം സാർവ്വത്രികവും തീവ്രവുമായ സാമൂഹ്യ-സാമ്പത്തിക ഉൾപ്പെടുത്തൽ, ഉപജീവനം, പങ്കാളിത്തം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. അവശേഷിക്കുന്ന ബ്ലോക്കുകൾ അഥവാ തീവ്രമല്ലാത്ത

ബ്ലോക്കുകളിലെ പ്രവർത്തനം കുറഞ്ഞ അളവിലും പരിമിതമായ പ്രവർത്തനങ്ങളിലും ഒതുങ്ങുന്നതുമാണ്.

**12.ഗ്രാമീണ സ്വയംതൊഴിൽ പരിശീലന സ്ഥാപനങ്ങൾ (RSETIs) :**

ഗ്രാമീണ വികസന സ്വയംതൊഴിൽ സ്ഥാപനം (RUDSETI) വിഭാവനം ചെയ്തു തുടങ്ങിവച്ച മാതൃകയിൽ ആണ് RSETI സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കാനറാ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, SDME ട്രസ്റ്റ് എന്നിവയുടെ സംയുക്ത പങ്കാളിത്തമാണ് ഇതിന്റെ പിന്നിൽ. ഈ മാതൃക വിഭാവനം ചെയ്യുന്നത് തൊഴിൽരഹിതരായ യുവാക്കളെ ചെറുകാലയളവിൽ നൽകുന്ന പരീക്ഷണ പഠന പദ്ധതിയിലൂടെയും ദീർഘകാലയളവിൽ നൽകുന്ന ക്രമബന്ധമായ പ്രായോഗിക (hand holding) പരിശീലനത്തിലൂടെയും ആത്മവിശ്വാസമുള്ള സംരംഭകരായി മാറ്റിയെടുക്കുക എന്നാണ്. ആവശ്യാധിഷ്ഠിതമായ പരിശീലനം നൽകുകവഴി സംരംഭഗുണം, വർദ്ധിച്ച ആത്മവിശ്വാസം, പരാജയ സാധ്യത കുറയ്ക്കൽ എന്നീ ഗുണങ്ങൾ ആർജ്ജിച്ച് അവർ മാറ്റത്തിനു കാരണക്കാരാകുന്നു. ബാങ്കുകൾ പരിശീലനം നേടുന്നവരുടെ തെരഞ്ഞടുപ്പ്, പരിശീലനം, പരിശീലനാനന്തര തുടർ നടപടികൾ എന്നിവ നടത്തുന്നു. പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് ശബ്ദം നൽകുന്ന പാവപ്പെട്ടവരുടെ സ്ഥാപനങ്ങൾ സ്വയം തൊഴിൽ കണ്ടെത്താനും സംരംഭങ്ങൾ ആരംഭിക്കാനുംപരിശീലനം തേടുന്നവരെ സഹായിക്കാൻ RSETI ക്ക് വഴികാട്ടിയാകും. . എല്ലാ ജില്ലകളിലും RSETIകൾ സ്ഥാപിക്കാൻ DAY-NRLM പൊതുമേഖലാ ബാങ്കുകളെ പ്രേരിപ്പിക്കുന്നു.